milma

## എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ ക്ലിപ്തം ഇ 150(ഡി)

പി.ബി.നം. 2212, ഇടപ്പള്ളി, കൊച്ചി - 682 024.

**ഇ.യു:പിആന്റ്ഐ:എ.ജി.എം:2024** 27.07.2024

### സർക്കുലർ

വിഷയം : 2023-24 വർഷത്തെ മാതൃകാ ക്ഷീരോല്പാദകരെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച്.

........

എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയന്റെ പ്രവർത്തനപരിധിയിൽനിന്നും ജില്ലാടിസ്ഥാനത്തിൽ ഒന്നാംസ്ഥാനത്തിന് അർഹരായ 2023-24 വർഷത്തെ മാതൃകാ ക്ഷീരോല്പാദകരെ തെരഞ്ഞെടുത്ത് മേഖലാ യൂണിയന്റെ വാർഷിക പൊതുയോഗത്തിൽ വച്ച് അവാർഡ് നൽകുന്നതാണ്. കൂടാതെ ജില്ലാടിസ്ഥാനത്തിൽ ഒന്നുവീതം മാതൃകാ ക്ഷീരോല്പാദകരെ തെരഞ്ഞെടുത്ത് പ്രോത്സാഹന സമ്മാനവും നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മാതൃകാ ക്ഷീരോല്പാദകനാകാൻ വേണ്ട വ്യവസ്ഥകളും മാന ദണ്ഡങ്ങളും ചുവടെ ചേർക്കുന്നു. അതനുസരിച്ച് സംഘങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെയും തുടർ പരിശോധനകളുടെയും അടിസ്ഥാനത്തിലായിരിക്കും മാതൃകാ കർഷകനെ തിരഞ്ഞെടുക്കുക.

മാതൃക ക്ഷീരോല്പാദകനെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ/വ്യവസ്ഥകൾ:

1. എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയന്റെ അംഗസംഘത്തിലെ ഉല്പാദക അംഗമായിരിക്കണം.
2. കുടുംബാവശ്യം കഴിഞ്ഞ് മുഴുവൻ പാലും ആപ്കോസ് സംഘത്തിന് നൽകിയിരിക്കണം.
3. കഴിഞ്ഞ മൂന്നു വർഷമെങ്കിലും വോട്ടവകാശമുള്ള അംഗമായി സംഘത്തിൽ തുടർന്നിരിക്കേണ്ടതാണ്.
4. ഉരുക്കളുടെ വ്യാപാരത്തിൽ സ്ഥിരമായി ഏർപ്പെട്ടിരിക്കുന്ന വ്യക്തികളും, കോൺവെന്റ്, ആശ്രമം തുടങ്ങിയ സ്ഥാപനങ്ങളും ഈ തെരഞ്ഞെടുപ്പിന് അർഹരായിരിക്കില്ല.
5. സങ്കരയിനം പശുക്കളെ വളർത്തുന്നവരും, പ്രതിദിനം 20 ലിറ്ററിൽ കുറയാതെ പാൽ ഉല്പാദിപ്പിക്കുന്നവരുമായിരിക്കണം.

ആറ് പശുക്കളെ വരെ വളർത്തുന്ന കർഷകരേയും ആറിൽ കൂടുതൽ പശുക്കളെ വളർത്തുന്ന കർഷകരേയും (ഫാമുകൾ) പ്രത്യേകം വിഭാഗങ്ങളായി പരിഗണിക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെടേണ്ട കർഷകരിൽ നിന്ന് ശേഖരിക്കേണ്ട വിവരങ്ങൾ അടങ്ങിയ മാതൃകാ ഫോറം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

അതാത് സംഘം സെക്രട്ടറിമാർ സംഘത്തിലെ, ഓരോ വിഭാഗത്തിൻകീഴിലും തെരഞ്ഞെടുക്കപ്പെടാൻ അർഹതയുണ്ടെന്ന് ബോദ്ധ്യമുള്ള ഏറ്റവും അനുയോജ്യനായ ഓരോ ക്ഷീരോല്പാദകന്റെയും വിവരങ്ങൾ ശേഖരിച്ച് ഇതോടൊപ്പം ചേർത്തിട്ടുള്ള ഫോറത്തിൽ രേഖപ്പെടുത്തി 12.08.2024 തീയതിക്കകം ഇടപ്പള്ളിയിലുള്ള യൂണിയൻ ഹെഡ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ് (പി ആന്റ് ഐ യൂണിറ്റ് ഓഫീസിലേക്ക് അയയ്ക്കേണ്ടതില്ല.)

മാനേജിംഗ് ഡയറക്ടർ.

എല്ലാ അംഗസംഘങ്ങൾക്കും

പകർപ്പ് : ചെയർമാന്റെ അറിവിലേയ്ക്കായി
എല്ലാ ഭരണസമിതി അംഗങ്ങൾക്കും
സീനിയർ മാനേജർ, എറണാകുളം ,
ഡെയറി മാനേജർ, കോട്ടയം/തൃശൂർ
എല്ലാ പിആന്റ്ഐ യൂണിറ്റുകൾക്കും
അസി.മാനേജർ (എഫ് ആന്റ് എ)/മാനേജർ (പി ആന്റ് ഐ)
എംഎഫ്/ഒ.സി.

milma

# എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ ക്ലിപ്തം ഇ 150(ഡി)

പി.ബി.നം. 2212, ഇടപ്പള്ളി, കൊച്ചി - 682 024.

## മാതൃകാ ക്ഷീരകർഷകരെ തെരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷഫോറം

(2023-24 വർഷത്തിലെ വിവരങ്ങൾ)

1. മാതൃകാ ക്ഷീരോല്പാദകനായി നിർദ്ദേശിക്കുന്ന കർഷകന്റെ പേരും പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും :

2. ടിയാൻ അംഗമായിട്ടുള്ള ക്ഷീരസംഘത്തിന്റെ പേരും വിലാസവും ടിയാന്റെ അംഗത്വ നമ്പറും :

3. സ്വന്തമായി പരിപാലിക്കുന്ന കറവമാടുകളുടെ വിവരം :

| | പശു | എരുമ | കിടാരികൾ | കിടാക്കൾ (6മാസത്തിന് താഴെ പ്രായമുള്ള വ) |
|---|---|---|---|---|
| എണ്ണം | | | | |
| ഇനം | | | | |

4. ഏറ്റവും കൂടുതൽ പാൽ ഉല്പാദിപ്പിക്കുന്ന പശു/എരുമയുടെ പ്രതിദിന ഉല്പാദനം :

5. പ്രതിദിനം ഫാമിൽ ഉല്പാദിപ്പിക്കുന്ന പാലിന്റെ അളവ് :

6. കഴിഞ്ഞ വർഷം സംഘത്തിൽ പാൽ അളന്ന ദിവസങ്ങളുടെ എണ്ണം (2023-24) :

7. സംഘത്തിൽ അളന്ന പാലിന്റെ ആകെ അളവും വിലയും :

8. ഒരു ലിറ്റർ പാലിന് സംഘത്തിൽ നിന്ന് ലഭിച്ച വാർഷിക ശരാശരി വില :

9. തുടർച്ചയായി പശുപരിപാലനത്തിൽ ഏർപ്പെട്ടിട്ടുള്ള കാലയളവ് :

10. ശുദ്ധമായ പാലുല്പാദനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ :

11. കറവയന്ത്രം ഉപയോഗിക്കുന്നുണ്ടോ ? :

12. പുൽകൃഷിയുടെ വിവരങ്ങൾ, തോട്ടത്തിന്റെ വിസ്തീർണ്ണം :

13. ബയോഗ്യാസ് ഏർപ്പെടുത്തിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ :

14. കുടുംബാംഗങ്ങൾ പശുപരിപാലനത്തിൽ
ബന്ധപ്പെടാറുണ്ടോ ? വിശദാംശങ്ങൾ :

15. തൊഴുത്തിൽ റബർമാറ്റ് ഉപയോഗിക്കുന്നുണ്ടോ ? :

16. പശുപരിപാലനത്തിന് ജീവനക്കാരെ
നിയോഗിച്ചിട്ടുണ്ടെങ്കിൽ അവരുടെ എണ്ണവും,
ദിവസക്കൂലിയും :

17. ക്ഷീരോല്പാദനവുമായി ബന്ധപ്പെട്ട പരിശീലന
പരിപാടികളിൽ പങ്കെടുത്തിട്ടുള്ളതിന്റെ
വിശദാംശങ്ങൾ :

18. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഏതെങ്കിലും
അവാർഡുകളോ അംഗീകാരങ്ങളോ ലഭിച്ചിട്ടുണ്ടെ
ങ്കിൽ അതിന്റെ വിശദാംശങ്ങൾ :

19. പാലുല്പാദന ചിലവ് കുറയ്ക്കാൻ സ്വീകരിച്ചിട്ടുള്ള
നടപടികളുടെ വിശദാംശങ്ങൾ :

മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ പൂർണ്ണമായും സത്യമാണെന്ന് ഞാൻ ഇതിനാൽ സക്ഷ്യപ്പെടുത്തി ക്കൊള്ളുന്നു

---

കർഷകന്റെ ഒപ്പ് : സംഘം സെക്രട്ടറിയുടെ ഒപ്പ് :

പേര് : പേര് :

## FOR OFFICE USE

<u>വിദഗ്ദ്ധസമിതിയുടെ പരിശോധന റിപ്പോർട്ട്</u>